(ഡി) മാവേലി സ്റ്റോറുകളിൽനിന്നും സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡുകൾ നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളിൽനിന്നും, ലാഭം മാർക്കറ്റുകളിൽനിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 500 രൂപയിൽ കൂടുതൽ വാങ്ങുന്നവർക്ക് സൗജന്യമായും, മറ്റുള്ള ഉപഭോക്താക്കൾക്ക് ഒന്നിന് 5 രൂപ നിരക്കിലും, പ്രിവിലേജ് കാർഡുകൾ നൽകി വരുന്നുണ്ട്. ഈ പ്രിവിലേജ് കാർഡുകളുടെ അടിസ്ഥാനത്തിൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നവർക്ക് ബിൽ തുകയുടെ 2% വിലകിഴിവും അനുവദിച്ചിട്ടുണ്ട്.

പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടി

54 [368] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ചേലക്കര മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) 6 എണ്ണം.

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഓരോ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അനുയോജ്യമായ കെട്ടിടങ്ങൾ പഞ്ചായത്തധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് ചേലക്കര മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഴഞ്ഞാൽ, മുള്ളൂർക്കര എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുറന്നു പ്രവർത്തിക്കുവാൻ സാധിക്കും.

പേരാമ്പ്ര മണ്ഡലത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള കാലതാമസം

55 [369] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് പഞ്ചായത്തിലെ മുളിയങ്ങലിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പഞ്ചായത്തിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ;

(ഡി) ഈ മാവേലി സ്റ്റോർ എപ്പോൾ ആരംഭിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് പഞ്ചായത്ത് അനുയോജ്യമായ കെട്ടിടം ലഭ്യമാക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(സി) ഇല്ല.

(ഡി) പഞ്ചായത്ത് സെക്രട്ടറി കെട്ടിടം എടുക്കുന്നതിന് ആവശ്യമായ എഗ്രിമെന്റ് വയ്ക്കുന്നമുറയ്ക്ക് മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ബന്തഡുക്ക പഞ്ചായത്തിൽ പുതുതായി മാവേലി സ്റ്റോർ

56 [370] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബന്തഡുക്ക പഞ്ചായത്തിൽ മാവേലി സ്റ്റോർ ഇല്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ സ്ഥലം പഞ്ചായത്ത് നൽകാമെന്ന് രേഖാമൂലമുള്ള അറിയിപ്പ് വകുപ്പിന് നൽകിയിട്ട് ഒരു വർഷം കഴിഞ്ഞിട്ടും മാവേലി സ്റ്റോർ ആരംഭിക്കാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പഞ്ചായത്തിൽ എന്ന് മാവേലി സ്റ്റോർ ആരംഭിക്കും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് ലഭ്യമാക്കിയിരുന്നെങ്കിലും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിൽ കാണിച്ചിരുന്ന കെട്ടിട നമ്പറും, കെട്ടിട ഉടമയും പഞ്ചായത്തും തമ്മിലുള്ള സമ്മതപത്രത്തിൽ കാണിച്ചിരുന്ന കെട്ടിട നമ്പറും തമ്മിൽ വ്യത്യാസം കണ്ടതിനാലും, കെട്ടിട വാടക സംബന്ധിച്ച് ചില അവ്യക്തതകൾ നില നിന്നിരുന്നതിനാലുമാണ് മാവേലി സ്റ്റോർ തുടങ്ങാൻ തടസ്സം നേരിട്ടത്.

(സി) പഞ്ചായത്തധികൃതർ ലഭ്യമാക്കിയ കെട്ടിടം കരാർ ഉടമ്പടിവെച്ച് ഏറ്റെടുത്തു കഴിഞ്ഞതിനുശേഷം എത്രയും വേഗം മാവേലി സ്റ്റോർ ആരംഭിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly